**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **04-03-2025 - ൽ മറുപടിയ്ക്ക്**

**പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പകൽ സമയത്ത് അധികമായി ലഭിക്കുന്ന വൈദ്യുതി പ്രയോജനപ്പെടുത്തി രാത്രി കാലങ്ങളിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പകൽ സമയത്ത് അധികമായി ലഭിക്കുന്ന വൈദ്യുതി പ്രയോജനപ്പെടുത്തി രാത്രി കാലങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുന്ന വിഷയം പരിഗണയിലുണ്ട്.<br><br>വ്യത്യസ്തങ്ങളായ ഉയരങ്ങളിൽ നിർമ്മിക്കുന്ന/ നിലവിലുള്ള രണ്ട് ജല സംഭരണികൾ ഉപയോഗപ്പെടുത്തി മുകളിലത്തെ ജല സംഭരണിയിലെ ജലം കാര്യക്ഷമമായി ഉപയോഗിച്ച് ആവശ്യകത അനുസരിച്ച് രാത്രികാലങ്ങളിൽ (പീക്ക് ഡിമാൻഡ് സമയത്ത്) വൈദ്യുതി ഉൽപാദിപ്പിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയാണിത്. വൈദ്യുതി ഉത്പാദനത്തിന് ശേഷം പുറത്തു വരുന്ന ജലം താഴത്തെ ജലസംഭരണിയിൽ സംഭരിച്ച് വയ്ക്കപ്പെടുന്നു. ഇങ്ങനെ ശേഖരിക്കുന്ന ജലം വൈദ്യുതി ചാർജ് കുറവുള്ള സമയങ്ങളിൽ ലഭ്യമായ അധിക വൈദ്യുതി ഉപയോഗിച്ച് മുകളിലത്തെ ജലസംഭരണിയിൽ തിരികെ പമ്പ് ചെയ്ത് കയറ്റുന്നു. ടർബൈൻ ആയും പമ്പ് ആയും യഥേഷ്ടം ഉപയോഗിക്കാവുന്ന തരം ടർബൈനുകളാണ് ടി പദ്ധതികൾക്കായി ഉപയോഗിക്കുന്നത്.<br><br>കൂടാതെ എനർജി മാനേജ്മെന്റ് സെന്ററിലെ ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ കരട് നയം എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയത് സർക്കാർ പരിഗണനയിൽ ആണ്. |
| (ബി) | ഇതിനായുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായി നടപ്പിലാക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ | (ബി) | ഏകദേശം 4324 മെഗാ വാട്ട് സ്ഥാപിത ശേഷി വരുന്ന 10 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും പ്രാരംഭ പഠന റിപ്പോർട്ട് |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുവാനാവശ്യമായ കാലയളവ് എത്രയാണെന്ന് വിശദമാക്കുമോ? | | തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിനു സർക്കാരിന്റെ തത്വത്തിലുള്ള അനുമതി കെ.എസ്.ഇ.ബി.എൽ-ന് നൽകിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികളും 2030 -ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷി ക്കുന്നു. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പൂർത്തിയാക്കുന്നതിന് പരമാവധി 2 വർഷത്തിനുള്ളിലും നിർമ്മാണ പ്രവർ ത്തനങ്ങൾ ഓരോ പദ്ധതിക്കും അനുസ രണമായി 3 വർഷം മുതൽ 5 വർഷത്തിനുള്ളിലും പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.<br><br>കേരളത്തിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി കെ.എസ്.ഇ.ബി.എൽ അധീനതയിലുള്ള പ്രോജക്റ്റുകൾ ഒഴികെയുള്ള 10 ഇടങ്ങൾ ഇ.എം.സി കണ്ടെത്തുകയും, ആദ്യ ഘട്ടത്തിൽ പ്രസ്തുത പദ്ധതികളിൽ 5 പദ്ധതികളുടെ പ്രീ-ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.<br><br>ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് കപ്പാസിറ്റി, വനഭൂമി ഉൾപ്പടെയുള്ള ഭൂമി ഏറ്റെടുക്കൽ ആവശ്യങ്ങൾ, എന്നിവ പരിഗണിച്ച് മാത്രമേ പൂർത്തിയാക്കുന്നതിനുള്ള സമയം കണക്കാക്കുവാൻ കഴിയുകയുള്ളൂ. വലിയ പദ്ധതികൾ പൂർത്തിയാകാൻ ചുരുങ്ങിയത് 5 വർഷം സമയം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ